## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1270 — 05.03.2020-ൽ മറുപടിക്ക്

### ഓഖി ദുരന്തം - ആശ്രിത നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഓഖി ദുരന്തത്തിൽ മരണപ്പെട്ടതോ കാണാതായവരോ ആയ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ 42 പേർക്ക് മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് ഉത്തരവാകുകയും നിലവിൽ 36 പേർ ജോലി ചെയ്ത് വരികയും ചെയ്യുന്നു. കൂടാതെ 200 മത്സ്യത്തൊഴിലാളികളെ 14 തീരദേശ സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചിട്ടുണ്ട്. |
| (ബി) | എസ്.എസ്.എൽ.സി പാസായ എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളത്; ജോലി നൽകിയവരിൽ ആർക്കെങ്കിലും സ്ഥിര നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേര്, മേൽവിലാസം, ഉദ്യോഗം നൽകിയ സ്ഥാപനത്തിന്റെ പേരു വിവരം എന്നിവ ലഭ്യമാക്കാമോ; | (ബി) | എസ്.എസ്.എൽ.സി. പാസായ 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു. |
| (സി) | ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഓഖിയിൽ കാണാതായതും മരിച്ചതും ആയ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളായ ഭാര്യമാർക്ക് ജോലി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ വിധവകളായ 114 വനിതകളാണുള്ളത്. പത്താം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതും 40 വയസ്സിനു താഴെ പ്രായമുള്ളതുമായ 42 |

പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. പത്താംതരത്തിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള 40 വയസ്സിൽ താഴെ പ്രായമുള്ള 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു. ബാക്കിയുള്ളവർക്ക് ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിഴിഞ്ഞം സീ ഫുഡ് പ്രോസ്സസിംഗ് സെന്ററിൽ ജോലി നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**